# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1351 — 03.12.2015 ൽ മറുപടിയ്ക്ക്

### സപ്ലൈകോയുടെ പ്രവർത്തനം

**ചോദ്യം**

ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി. ഗീതാ ഗോപി
ശ്രീ. വി. ശശി.
ശ്രീ. കെ. അജിത്

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) നടപ്പ് സാമ്പത്തിക വർഷം സെപ്റ്റംബർ വരെ സപ്ലൈകോയുടെ പ്രവർത്തന നഷ്ടം എത്രയാണെന്നും ഏതെല്ലാം ഇനങ്ങളിലാണ് സപ്ലൈകോയ്ക്ക് നഷ്ടം സംഭവിക്കുന്ന തെന്നും വെളിപ്പെടുത്തുമോ ;

(എ) സാമ്പത്തിക വർഷം അവസാനിക്കുമ്പോഴാണ് ആ വർഷത്തെ കണക്കുകൾ സപ്ലൈകോ ക്രോഡീകരിക്കുന്നത്. ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തെ സപ്ലൈകോയുടെ പ്രവർത്തന നഷ്ടം/ ലാഭം ഇതുവരെ കണക്കാക്കിയിട്ടില്ല.

(ബി) സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി എത്രയിനം സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നതെന്നും നിലവിൽ എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഉഴുന്ന് ബോൾ, ഉഴുന്ന് പിളർന്നത്, വൻപയർ, തുവര പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയായിരുന്നു സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. 06.07.2012 ൽ സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ള കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി, ജനങ്ങൾക്ക് കൂടുതലായി ആവശ്യമുള്ള ചെറുപയർ, വൻകടല, ജയ അരി, കുറവ അരി,വെളിച്ചെണ്ണ എന്നിവയെ ഉൾപ്പെടുത്തി സബ്സിഡി സാധനങ്ങൾ പുനർ നിർണ്ണയിച്ചിരുന്നു. 13 ഇനം സാധനങ്ങളാണ് സബ്സിഡി ഇനത്തിൽ വിൽപ്പന നടത്തുന്നത്.

(സി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സമിതി പ്രത്യേക യോഗം ചേർന്ന് നടപ്പാക്കാൻ നിർദ്ദേശിച്ച സബ്സിഡി നിരക്ക് പരിഷ്കാരങ്ങൾ എന്തെല്ലാം ; ഇവ നടപ്പാക്കാൻ സപ്ലൈകോ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എപ്പോൾ മുതൽ നടപ്പാക്കിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

(സി) സർക്കാരിന്റെ വിപണി ഇടപെടൽ നയം സംബന്ധിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ ശുപാർശകൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. എന്നാൽ ഇത് നടപ്പിൽ വരുത്തിയിട്ടില്ല.

Beena

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് - സർക്കാരിന്റെ വിപണി ഇടപെടൽ നയം സംബന്ധിച്ച് - ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ ശുപാർശകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

ഭക്ഷ്യ സിവിൽ സപ്ലൈസ് (സി) വകുപ്പ്

സ.ഉ.(സാധ.) നം.276/13/ഭ.സി.സ.വ. തീയതി, തിരുവനന്തപുരം: 27.08.2013

പരാമർശം: സ.ഉ.(സാധ.) നം.34/2013/ഭ.സി.സ.വ തീയതി: 11.02.2013

## <u>ഉത്തരവ്</u>

കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ 'വിപണിയിൽ ഇടപെടൽ' (മാർക്കറ്റ് ഇന്റർവെൻഷൻ) നയത്തിന്റെ ഭാഗമായി സാധനങ്ങൾ വിലകുറച്ച് വിൽക്കുന്നതിലൂടെ വന്നിട്ടുള്ള നഷ്ടം നികത്തുന്നതിന് സർക്കാരിൽ നിന്നും നൽകേണ്ട തുകയെ സംബന്ധിച്ച് വ്യക്തമായ ശുപാർശകൾ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി പരാമർശപ്രകാരം സമിതി രൂപീകരിച്ച് ഉത്തരവായിരുന്നു.

പ്രസ്തുത സമിതി 15.04.2013, 07.06.2013 എന്നീ തീയതികളിൽ യോഗം ചേർന്ന് സർക്കാരിന്റെ വിപണിയിടപെടൽ നയം സംബന്ധിച്ച് വ്യക്തമായ ശുപാർശകൾ സർക്കാരിൽ സമർപ്പിച്ചിരുന്നു. സമിതിയുടെ താഴെപ്പറയുന്ന ശുപാർശകൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതി സപ്ലൈകോ വർഷം മുഴുവൻ തുടരുവാനും കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്, VFPCK എന്നിവയുടെ വിപണി ഇടപെടൽ പദ്ധതി ഉത്സവസീസണുകളായ ഓണം, ബക്രീദ്, റംസാൻ, ക്രിസ്മസ്, വിഷു എന്നീ സമയങ്ങളിൽ മാത്രമായി നിജപ്പെടുത്തുവാനും തീരുമാനിച്ചു. ഓരോ സീസണും ആരംഭിക്കുന്നതിന് മുൻപ് ഏതു തീയതി മുതൽ ഏത് തീയതി വരെയായിരിക്കും ഓരോ സ്ഥാപനവും വിപണി ഇടപെടൽ നടത്തുക എന്നതിന് ധനകാര്യ വകുപ്പ് കൂടി കണ്ട് ബന്ധപ്പെട്ട ഭരണ വകുപ്പ് ഉത്തരവിറക്കേണ്ടതാണ്.

2) സ്ഥാപനത്തിന്റെ ഓഡിറ്റഡ് അക്കൗണ്ട് പ്രകാരമുള്ള ആ വർഷത്തെ ആകെ നഷ്ടം, വിപണി ഇടപെടൽ പദ്ധതി വഴിയുള്ള നഷ്ടം എന്നിവ പരിശോധിച്ച് ഇവയിൽ കുറവുള്ള തുകമാത്രമേ സർക്കാർ സബ്സിഡിയായി നൽകുകയുള്ളു. ഇത് സപ്ലൈകോയ്ക്കും ബാധകമായിരിക്കും. മുൻ സാമ്പത്തിക വർഷത്തെ ഓഡിറ്റഡ് അക്കൗണ്ട് പാസ്സാക്കിയ ശേഷം അഡ്വാൻസായി നൽകിയ തുക തിരിച്ചുപിടിക്കേണ്ടതുണ്ടെങ്കിൽ 7 - ഉം 8 - ഉം ഖണ്ഡികകൾ പ്രകാരം നൽകേണ്ടുന്ന അടുത്ത സാമ്പത്തിക വർഷങ്ങളിലെ അഡ്വാൻസ് തുകയിൽ നിന്നും ഇത് തിരിച്ചു പിടിക്കേണ്ടതാണ്.

ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
സഹകരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
കാർഷികോൽപ്പാദന കമ്മീഷണർ
മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർഫെഡ്
മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ.&ഇ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ് (ഇനം നമ്പർ 4075, തീയതി 21.08.2013)
ധനകാര്യ വകുപ്പ്
സഹകരണ വകുപ്പ്
കൃഷി വകുപ്പ്
പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

Beena

സെക്ഷൻ ഓഫീസർ

പകർപ്പ്: ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പുസെക്രട്ടറിയുടെ പി.എ.യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്

Beena

സെക്ഷൻ ഓഫീസർ